# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ജൂലൈ 23**

---

## എം.ജിയിൽ പിജി, ബിഎഡ്; സപ്ലിമെന്ററി അലോട്ട്മെന്റിന് രജിസ്റ്റർ ചെയ്യാം

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ അഫിലിയേറ്റഡ് കോളജുകളിൽ ഏകജാലക സംവിധാനം വഴി ബിരുദാനന്തര ബിരുദ, ബിഎഡ് പ്രോഗ്രാമുകളിൽ പ്രവേശനത്തിനുള്ള സപ്ലിമെന്ററി അലോട്ട്മെന്റിന് ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.*

*ഇതുവരെ ഓൺലൈൻ രജിസ്ട്രേഷൻ നടത്താത്തവർക്കും പ്രവേശനം ലഭിക്കാത്തവർക്കും പ്രവേശനം ലഭിച്ചശേഷം റദ്ദായവർക്കും ജൂലൈ 27ന് വൈകുന്നേരം അഞ്ചുവരെ* cap.mgu.ac.in *ൽ രജിസ്റ്റർ ചെയ്യാം.*

*ഒരു തവണ അപേക്ഷാ ഫീസ് അടച്ചവർ സപ്ലിമെന്ററി അലോട്ട്മെന്റിന് രജിസ്റ്റർ ചെയ്യുന്നതിന് വീണ്ടും ഫീസ് അടയ്ക്കേണ്ടതില്ല. ഓൺലൈൻ അപേക്ഷയിൽ വരുത്തിയ പിശകുമൂലം അലോട്ട്മെന്റിന് പരിഗണിക്കപ്പെടാതിരുന്നവർക്കും പ്രവേശനം റദ്ദായവർക്കും നിലവിലുള്ള ആപ്ലിക്കേഷൻ നമ്പറും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷയിൽ തിരുത്തലുകൾ വരുത്തുകയും ഓപ് ഷനുകൾ പുതുതായി നൽകുകയും ചെയ്യാം.*

*സപ്ലിമെന്ററി അലോട്ട്മെന്റിന് രജിസ്റ്റർ ചെയ്യുന്ന എല്ലാവരും പുതിയതായി ഓപ്ഷൻ നൽകണം. സ്ഥിര പ്രവേശനം എടുത്തവർ സപ്ലിമെന്ററി അലോട്ട്മെന്റിൽ പങ്കെടുക്കുകയും അലോട്ട്മെന്റ് ലഭിക്കുകയും ചെയ്താൽ പുതിയതായി ലഭിക്കുന്ന അലോട്ട്മെന്റിലേക്ക് മാറണം. ഇവരുടെ മുൻ പ്രവേശനം റദ്ദാകും.*

*പിജി സപ്ലിമെന്ററി അലോട്ട്മെന്റിൽ ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത സീറ്റുകളിലേക്കും എയ്ഡഡ് കോളേജുകളിലെ കമ്മ്യൂണിറ്റി മെറിറ്റ് സീറ്റുകളിലേക്കും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഒ/39/1857/2025)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ എംഎ സിഎസ്എസ്(2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് മെയ് 2025) പരീക്ഷയുടെ മദ്ദളം, വയലിൻ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 25മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ*

...................

*രണ്ടാം സെമസ്റ്റർ ബിഎസ്സി ഫിസിക്സ് മോഡൽ 1,2, 3 (സിബിസിഎസ് പുതിയ സ്കീം-2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ മെഴ്സി ചാൻസ് ഏപ്രിൽ 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 25 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

.........................

*രണ്ടാം സെമസ്റ്റർ ബി.വോക്ക് സൗണ്ട് എൻജിനീയറിംഗ് (പുതിയ സ്കീം 2024 അഡ്മിഷൻ റെഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പീയറൻസ് മെയ് 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 30ന് നടക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ് സൈറ്റിൽ*

............

*രണ്ടാം സെമസ്റ്റർ സിബിസിഎസ് ( പുതിയ സ്കീം- 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018-അഡ്മിഷൻ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് ഏപ്രിൽ 2025) ബി.എ. ഭരതനാട്യം പ്രാക്ടിക്കൽ പരീക്ഷ ജൂലൈ 25 ന് തൃപ്പൂണിത്തുറ ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ നടക്കും.*

*(പി.ആർ.ഒ/39/1858/2025)*

## പരീക്ഷാ തീയതി

*അഞ്ചാം സെമസ്റ്റർ എംഎസ്സി മെഡിക്കൽ ബയോകെമിസ്ട്രി (2022 അഡ്മിഷൻ റഗുലർ, 2019 മുതൽ 2021 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016, 2017 അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ് ) പരീക്ഷ ജൂലൈ 25 ന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1859/2025)*

## പരീക്ഷാ ഫലം

*നാലാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്സി എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് (2023അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് അഞ്ചു വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

..................

*നാലാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്സി ആക്ച്യൂരിയൽ സയൻസ് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് അഞ്ചു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

..................

*നാലാം സെമസ്റ്റർ എംഎ ആനിമേഷൻ, എംഎ ഗ്രാഫിക് ഡിസൈൻ, എംഎ സിനിമ ആന്റ് ടെലിവിഷൻ, എംഎ പ്രിന്റ് ആന്റ് ഇലക്ട്രോണിക് ജേർണലിസം (പിജിസിഎസ്എസ് 2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2025)പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് അഞ്ചു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

..................

*നാലാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്സി ഹോംസയൻസ് ബ്രാഞ്ച് പത്ത്(എ) ചൈൽഡ് ഡവലപ്മെന്റ്, ബ്രാഞ്ച് പത്ത്(ഡി) ഫാമിലി ആന്റ് കമ്യൂണിറ്റി സയൻസ് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് അഞ്ചു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1860/2025)*

## ഹ്രസ്വകാല റെഗുലർ പാർട്ട് ടൈം പ്രോഗ്രാം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് നടത്തുന്ന ഫുഡ് അനാലിസിസ് ആന്റ് ക്വാളിറ്റി അഷ്വറൻ*

*സ് പിജി സർട്ടിഫിക്കറ്റ്, ഡിപ്ലോമ പ്രോഗ്രാമുകൾക്ക് ഇപ്പോൾ അപേക്ഷിക്കാം. ലൈഫ് സയൻസിലോ കെമിസ്ട്രിയിലോ ബിരുദമുള്ളവരെയാണ് പരിഗണിക്കുന്നത്. കൂടുതൽ വിവരങ്ങൾ വെബ് സൈറ്റിൽ.* (www.dasp.mgu.ac.in). *ഫോൺ- 8078786798, 0481 2733292.*

*(പി.ആർ.ഒ/39/1861/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**